**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 828** **11-02-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഉയർന്ന മാർക്ക് വാങ്ങി യോഗ്യത പരീക്ഷ വിജയിച്ചിട്ടും, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ ചേർന്ന് പഠിക്കുന്നതിന് ബാങ്കുകൾ വഴിയും പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴിയും നൽകുന്ന വായ്പകൾക്കുള്ള കടുത്ത ജാമ്യ വ്യവസ്ഥകൾ കാരണം വായ്പ ലഭിക്കാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (എ) | മെറിറ്റ്/റിസർവേഷനിൽ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടിയ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വരുമാന പരിധി നോക്കാതെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചു നൽകുന്നുണ്ട്. ആയതിനാൽ ഉയർന്ന മാർക്ക് വാങ്ങി യോഗ്യത പരീക്ഷ വിജയിച്ച പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ ചേർന്ന് പഠിക്കുന്നതിന് നിലവിൽ വായ്പ എടുത്ത് പഠിക്കേണ്ട സാഹചര്യം നിലവിലില്ല . ബാങ്കുകൾ വഴിയും പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴിയും നൽകുന്ന വായ്പകൾക്കുള്ള കടുത്ത ജാമ്യ വ്യവസ്ഥകൾ കാരണം വായ്പ ലഭിക്കാത്ത സാഹചര്യം പരിശോധിച്ചിട്ടില്ല. |
| (ബി) | വിദ്യാഭ്യാസ വായ്പ ലഭിക്കുന്നതിന് വായ്പ തുകയ്ക്ക് ആനുപാതികമായി ഈട് നൽകുന്നതിന് സ്വന്തം ഭൂമിയോ ജാമ്യം നിൽക്കാൻ ഉദ്യോഗസ്ഥരോ വേണമെന്ന് ബാങ്കുകൾ നിബന്ധന വയ്ക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | സ്വന്തമായി ഭൂമിയോ ജാമ്യം നിൽക്കുന്നതിന് ബന്ധുക്കളായ ഉദ്യോഗസ്ഥരോ ഇല്ലാത്ത ആളുകളാണ് പട്ടികജാതി വിഭാഗത്തിൽ ഏറെയും എന്നിരിക്കെ ബാങ്കുകളുടെ കടുത്ത ജാമ്യ വ്യവസ്ഥ കാരണം മികച്ച പഠനനിലവാരമുള്ള പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് അവസരങ്ങൾ നഷ്ടപ്പെടുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | (സി) | വിലയിരുത്തിയിട്ടില്ല. |
| (ഡി) | ഈ സർക്കാരിന്റെ കാലത്ത് പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന ഉന്നത വിദ്യാഭ്യാസത്തിന് നൽകുന്ന ലോണിനായി അപേക്ഷ നൽകിയിട്ട് ലോൺ അനുവദിക്കാത്തതോ നിരസിച്ചതോ ആയ എത്ര അപേക്ഷകളാണ് | (ഡി) | വിവരം ശേഖരിച്ച് നൽകുന്നതാണ് . |

| | | | |
|---|---|---|---|
| | നിലവിലുള്ളത്; വർഷം തിരിച്ചുള്ള കണക്ക് അറിയിക്കുമോ; | | |
| (ഇ) | ഫണ്ടിന്റെ അപര്യാപ്തതയാണോ ഇപ്രകാരം വിദ്യാർത്ഥികൾക്ക് ലോൺ നിരസിക്കുന്നതിന് കാരണമാകുന്നതെന്ന് വെളിപ്പെടുത്തുമോ; | (ഇ) | ബാധകമല്ല |
| (എഫ്) | വായ്പയെടുക്കുന്ന വിദ്യാർത്ഥികൾക്ക് തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായാൽ കേന്ദ്ര സർക്കാരിന്റെ ക്രെഡിറ്റ് ഗ്യാരണ്ടി ഫണ്ടിൽ നിന്ന് വായ്പയുടെ വലിയ പങ്കും ബാങ്കുകൾക്ക് കിട്ടുന്ന സാഹചര്യം നിലവിലുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ തിരിച്ചടവ് തുകയുടെ എത്ര ശതമാനം വരെയാണ് ഇപ്രകാരം ബാങ്കുകൾക്ക് ലഭ്യമാകുകയെന്ന് അറിയിക്കാമോ? | (എഫ്) | അങ്ങനെയൊരു സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ